## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 406 — 12-06-2012-ൽ മറുപടിക്ക്

### വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം..

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷനുകൾ, നെറ്റ്‌വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് വൈദ്യുത ത്തൊഴിലാളികളും സാധാരണക്കാരും മരണമടയുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ തടയാനും, ജീവഹാനി ഒഴിവാക്കാനും ഉപകരിക്കുന്ന ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) പോസ്റ്റുകളിൽ ജോലിയ്ക്ക് കയറുന്നതിനു മുമ്പായി, ലൈനുകളിൽ വൈദ്യുതി ഇല്ല എന്ന്, താഴെനിന്ന് തന്നെ ഉറപ്പു വരുത്തുന്നതിനായുള്ള 'വോൾട്ടേജ് ഡിറ്റക്റ്റർ' ന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അപകടങ്ങൾ തടയാനും ജീവഹാനി ഒഴിവാക്കുന്നതിനും വേണ്ടി തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നിരവധി പരിശീലന പരിപാടികൾ ബോർഡ് നടത്തി വരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ വർക്കർ, ലൈൻമാൻ, ഓവർസിയർ, സബ്എഞ്ചിനിയർ എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കായി 66 പരിശീലന പരിപാടികൾ വിവിധ RPTI (Regional Power Training Institute) കളിലായി നടത്തി. കൂടാതെ ലൈൻമാൻമാർക്ക് നൽകി വരുന്ന ദേശീയ പരിശീലന പരിപാടിയിൽ സുരക്ഷ ഒരു |

മുഖ്യവിഷയമായി ഉൾക്കൊള്ളിച്ചുകൊണ്ട് 47 പരിശീലന പരിപാടികളും നടത്തുകയുണ്ടായി. Assistant Executive Engineer/ Assistant Engineerഎന്നീ വിഭാഗത്തിൽപ്പെട്ടവർക്കായി ബോർഡിന്റെ പവർ എഞ്ചിനിയേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ (PETARC), മൂലമറ്റത്ത് വച്ച് സുരക്ഷയെ സംബന്ധിച്ച 8 പരിശീലന പരിപാടികളും സംഘടിപ്പിച്ചു. നടപ്പ സാമ്പത്തിക വർഷത്തിലും ഇത്തരത്തിലുള്ള നിരവധി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇത്തരത്തിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഇത്തരത്തിൽ മരണപ്പെടുന്നവരുടെ എല്ലാ കുടും ബത്തിനും ധനസഹായം നൽകിയോ; ഓരോ കുടുംബത്തിനും നൽകിയ ധനസഹായം എത്ര വീതമാണെന്ന് വിശദമാക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ബോർഡിനു വേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെട്ട് 18 ബോർഡ് ജീവനക്കാരും 12 കരാർ തൊഴിലാളികളും മരണപ്പെട്ടിട്ടുണ്ട്.

മരണപ്പെട്ട ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ട പരിഹാരനിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കാൻ അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 16 സ്ഥിരം തൊഴിലാളികളുടെ, അനന്തരാവകാശികൾക്ക് 1,19,17,440/-രൂപയും(ഒരുകോടി പത്തൊൻപത് ലക്ഷത്തി പതിനേഴായിരത്തിനാന്നൂറ്റി നാൽപ്പത് രൂപ മാത്രം) 9 കരാർ തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് 67,13,360/- രൂപയും (അറുപത്തി ഏഴ് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി അറുപത്) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന തീയതി മുതൽ നാളിതുവരെ വൈദ്യുതി ബോർഡിന്റെ ഡിവിഷൻ / സെക്ഷൻ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കണക്കുകളനുസരിച്ച് 160 പൊതുജനങ്ങൾ

വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 67 പേർക്ക് ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും 93 പേർക്ക് ഗാർഹിക ഉപകരണങ്ങളിൽ നിന്നുമാണ് അപകടം സംഭവിച്ചിട്ടുള്ളത്.

ബോർഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരം ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് പരമാവധി ഒരു ലക്ഷം രൂപ ആശ്വാസ ധനസഹായമായി നൽകി വരുന്നുണ്ട്.

എന്നാൽ ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് ആശ്വാസധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഈ കാലഘട്ടത്തിൽ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരിൽ 24 പേരുടെ അനന്തരാവകാശികൾക്ക് ആശ്വാസധന സഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (പോലീസ് എഫ്.ഐ.ആർ, പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സമ്മത സത്യവാങ്മൂലം) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ വീതം ആശ്വാസധന സഹായം നൽകിയിട്ടുണ്ട്.

ആശ്വാസധനസഹായത്തിന് അർഹത പരിശോധിക്കുന്നതിലേക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന മരണപ്പെട്ട പൊതുജനങ്ങളുടെ അനന്തരാവകാശികൾക്കും ധനസഹായം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

Document 406

# KERALA STATE ELECTRICITY BOARD

| Sl.No. | Name | Designation | Office | | Date of Accident | Workmen's Compensation | Proceedings Date |
|---|---|---|---|---|---|---|---|
| 1 | Merin Issac | Assistant Engineer | Power House | Moolamattom | 20.06.2011 | 859280 | Sanctioned by Board |
| 2 | Prabha K.S | Sub Engineer | Power House | Moolamattom | 20.06.2011 | 644200 | 04.07.2011 |
| 3 | Binu. S | Line man-I | Electrical Section | Neyyattinkara | 01.06.2011 | 783560 | 10.10.2011 |
| 4 | Sabu C.T | Line man-I | Electrical Section | Kottayam Central | 22.06.2011 | 657,280 | 05.09.2011 |
| 5 | Shibu T.S | Line man-I | Electrical Section | Perumbavoor | 27.07.2011 | 793,240 | 18.11.2011 |
| 6 | Biju K.G | Line man-I | Electrical Section | Adimaly | 15.09.201 | 773,560 | 14.11.2011 |
| 7 | Ramesan | Electricity Worker | Electrical Section | Nallompuzha | 23.10.2011 | 752,600 | 28.11.2011 |
| 8 | Sivadasan | Overseer | Electrical Section | Keezhuparamba | 06.11.2011 | 682,760 | 20.12.2011 |
| 9 | Vijayan K.L | Lineman-I | Electrical Section | Palode | 27.11.2011 | 682,760 | 01.02.2012 |
| 10 | Sulfikher Ali Bhutto | Electricity Worker | Electrical Section | Keezhuparamba | 14.12.2011 | 763,240 | 17.12.2011 |
| 11 | Shaji U | Electricity Worker | Electrical Section | Vythiri | 26.12.2011 | 718,960 | 02.04.2011 |
| 12 | Suraj P.K | Lineman-I | Electrical Section | Koyilandy South | 30.12.2011 | 783,560 | 28.02.2012 |
| 13 | Babu | Electricity Worker | Electrical Section | Manacaud | 24.01.2012 | 820,400 | 25.02.2012 |
| 14 | Babu.S | Lineman-II | Electrical Section | Karunagapally (S) | 29.02.2012 | 718,960 | 02.04.2012 |
| 15 | Shony V.M | Lineman-I | Electrical Section | Krishnapuram | 12.03.2012 | 752,600 | 30.03.2012 |
| 16 | Vinayachandran Pillai | Lineman-I | Electrical Section | Perinad | 10.04.2012 | — | — |
| 17 | Balachandran | Lineman-II | Electrical Section | Vallappuzha | 29.03.2012 | 730,480 | 10.05.2012 |
| 18 | Shajahan | Lineman-I | Electrical Section | Chengamanad | 24.04.2012 | — | — |

11,917,440

[signature]

| KERALA STATE ELECTRICITY BOARD | | | | | | | |
|---|---|---|---|---|---|---|---|
| Sl.No. | Name | Designation | Office | | Date of Accident | Workmen's Compensation | Proceedings Date |
| 1 | Pradeepkumar | Contractor's workman | Electrical Section | Vattiyoorkavu | 14.06.2011 | 859,280 | 27.06.2011 |
| 2 | Dasan K.P | Contractor's workman | Electrical Section | Vandanmedu | 09.06.2011 | 682,760 | 24.09.2011 |
| 3 | Sugathan | Contractor's workman | Electrical Section | Kattakada | 20.08.2011 | 783,560 | 25.08.2011 |
| 4 | Thomas | Contractor's Workman | Electrical Section | Poonjar | 23.09.2011 | 474,640 | 11.04.2012 |
| 5 | Suresh | Contractor's Workman | Electrical Section | Koyilandy | 10.08.2011 | 741,680 | 30.11.2011 |
| 6 | Kochumon K.X | Contractor's Workman | Electrical Section | Manipuzha | 03.11.2011 | 852,160 | 14.03.2012 |
| 7 | Saju M P | Contractor's Workman | Electrical Section | Thodupuzha | 04.11.2011 | — | — |
| 8 | Manoharan | Contractor's workman | Electrical Section | Peruvanthanam | 03.11.2011 | 561,520 | 04.02.2012 |
| 9 | Ganapathy | Contractor's workman | Line Mace.Section | Madakkathara | 22.11.2011 | 878,880 | 29.03.2012 |
| 10 | Ussainkutty | Contractor's workman | Electrical Section | Thamarassery | 30.12.2011 | — | — |
| 11 | Vijayakumar | Contractor's workman | Electrical Section | Peyad | 16.02.2012 | — | — |
| 12 | Lavish Ravi | Sub Engineer on contract | 33 kV S/S | Kalady | 12.04.2012 | 878,880 | 06.06.2012 |
| | | | | | | **6,713,360** | |